# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 4645/11/12/2023/ TVM

പരാതികക്ഷി : റാഷിദ,ടി.സി.45/380,മാമൂട്ട് വിളാകം
ബീമാപ്പള്ളി, തിരുവനന്തപുരം

എതിർകക്ഷികൾ : പരാതിക്കാരിയുടെ ഭർത്താവ് സുൾഫിക്കർ

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷിയുടെ ഭർത്താവ് സുൾഫിക്കറിൽ നിന്നും ടിയാളുടെ ഉമ്മയിൽ നിന്നും ശാരീരികമായും മാനസികമായും പീഢനം ഏൽക്കുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ പൂന്തുറ സ്റ്റേഷൻ ഹൗസ് ഓഫീസർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതി സംഗതികൾക്ക് പരാതികക്ഷിയുടെ മൊഴി പ്രകാരം എതിർകക്ഷികൾക്കെതിരെ പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം 1139/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ അന്വേഷണം നടന്നുവരുന്നതുമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത സമയം പരാതികക്ഷി ഹാജരായി. എതിർകക്ഷികളിൽ നിന്നും ഇപ്പോഴും നിരന്തരം ഭീഷണി നേരിടുന്നതായി ടിയാൾ കമ്മീഷനെ അറിയിച്ചു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. എതിർകക്ഷികൾക്കെതിരെ രജിസ്റ്റർ ചെയ്ത പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം 1139/2023 നമ്പർ കേസിന്റെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പൂന്തുറ പോലീസ് ഇൻസ്പെക്ടറോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായാൽ ആ വിവരം കാണിച്ച് പൂന്തുറ പോലീസിൽ പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ സംരക്ഷണം നൽകണമെന്ന് കമ്മീഷൻ പൂന്തുറ പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ